(ഡി) ചെറുകിട വയറിംഗ് കോൺട്രാക്ടർമാരുടെ വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കുമോ ?

ഉത്തരം

(എ) പരിശോധിക്കുകയുണ്ടായി.

(ബി) ആവശ്യങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

1. 'എ','ബി'ക്ലാസ് കോൺട്രാക്ടർമാർക്ക് ഒരു സൂപ്പർവൈസർക്ക് അഞ്ച് എന്ന ക്രമത്തിൽ വയർമാൻമാരെ നിയമിക്കാനുള്ള വ്യവസ്ഥ ഇപ്പോൾ നിലവിലുണ്ട്. ഇത് പത്തായി വർദ്ധിപ്പിക്കുവാൻ 16-2-2000-ലെ ലൈസൻസിംഗ് ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്.
2. ആർ.എം.വി സ്കോപ്പുള്ള 'ബി' ഗ്രേഡ് കോൺട്രാക്ടർമാരും 'എ' ഗ്രേഡ് കോൺട്രാക്ടർമാരും കൂടുതൽ വയർമാൻമാരെ നിയമിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഈ സമിതികളിൽ വയർമാൻമാരുടെ പ്രതിനിധികളെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) 'ബി' ക്ളാസ് കോൺട്രാക്ടർമാരുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചിട്ടില്ല. എന്നാൽ കൂടുതൽ പരിധി വർദ്ധിപ്പിച്ചു നൽകുന്നതിന് ബോർഡ് തീരുമാനം കോടതിയിൽ ചോദ്യം ചെയ്തിട്ടുണ്ട്. കോടതി തീരുമാനമനുസരിച്ച് നടപടി കൈക്കൊള്ളുന്നതാണ്.

കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്കുകൾ

84 (2662) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ എത്ര വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്കുകൾ പൂർത്തിയാക്കിയിട്ടുണ്ട് ;

(ബി) ഇവയുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ ;

(സി) എത്ര വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്കുകൾ പരിഗണനയിൽ ഉണ്ട് ;

(ഡി) ഇവ ഏതൊക്കെയെന്നും ഓരോന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 37 എണ്ണം.

(ബി)

കിടങ്ങൂർ	13 എണ്ണം
കല്ലറ	2 "
കടുത്തുരുത്തി	5 "
മുട്ടക്കുളം	5 "
മാഞ്ഞൂർ	8 "
സീഴൂർ	1 "
വെള്ളൂർ	3 "

(സി) നാൽപ്പത്തി ഒന്ന്.

(ഡി) ഈ സാമ്പത്തിക വർഷം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്കുകൾ താഴെപറയുന്നവയാണ്.

1.	വാലാച്ചിറ	ടെൻഡർ ചെയ്തിരിക്കുന്നു.
2.	കുന്നുശ്ശേരിക്കരി	ടെൻഡർ ചെയ്തിരിക്കുന്നു.
3.	കാവിൻകുന്നുംപ്പുറം	ടെൻഡർ ചെയ്തിരിക്കുന്നു.
4.	പുത്തൻപ്പള്ളി	ജോലിപൂർത്തിയായിക്കൊണ്ടിരിക്കുന്നു.
5.	വരൽഗോളി	ജോലി പൂർത്തിയായിക്കൊണ്ടിരിക്കുന്നു.
6.	വടുകുളങ്ങര	ജോലി പൂർത്തിയായിക്കൊണ്ടിരിക്കുന്നു.
7.	പാറശ്ശേരി	ജോലി കോൺട്രാക്ട് നൽകി ശേഷിക്കുന്ന വർക്കുകൾ മുൻഗണന അനുസരിച്ചും, മെറ്റീരിയൽസിന്റെ ലഭ്യത അനുസരിച്ചും പൂർത്തിയാക്കുന്നതാണ്.

വൈദ്യുതി ചാർജ് ഈടാക്കാൻ ഇളവ്

85 (2663) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചാർജ്ജ് എത്രയാണ് ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഈ ചാർജ്ജ് എത്രയായിരുന്നു ;

(സി) പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിലുള്ള കർഷകർക്ക് എത്ര മാസത്തെ വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക യ്ക്കുള്ള ബില്ലാണ് കൊടുത്തിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly